"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കിയ സ്പെഷ്യൽ അങ്കണവാടി പദ്ധതി കൊല്ലം, തൃശ്ശൂർ ജില്ലകളിൽ വ്യാപിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.490/2025/WCDD തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം. 159/2025/സാനീവ തീയതി 20/06/2025

2. വനിത ശിശു വികസന ഡയറക്ടറുടെ 12/11/2025 തീയതിയിലെ DWCD/4834/2025-ICDS B1 നമ്പർ കത്ത്

**ഉത്തരവ്**

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന പദ്ധതിയിലൂടെയുള്ള പ്രധാന സേവനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത് അങ്കണവാടികളിലൂടെയാണ് . 0-6 മാസം , 6 മാസം -3 വയസ്സ് , 3 വയസ്സ് -6 വയസ്സ് വരെയുള്ള കുട്ടികൾ , ഗർഭിണികളും മുലയൂട്ടുന്ന അമ്മമാർ, Severely Under Weight എന്നീ വിഭാഗക്കാർക്കുള്ള സേവനങ്ങൾ അങ്കണവാടികളിലൂടെ നൽകുന്നു. അങ്കണവാടികളിലെത്തുന്ന 3 വയസ്സു മുതൽ 6 വയസ്സ് വരെയുള്ള പ്രീ-സ്കൂൾ കുട്ടികളിൽ ഭിന്നശേഷിക്കാരായ കുട്ടികളും എത്തുന്നുണ്ട്. ടി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതിയുടെ സേവനം വളരെ ഉപകാരപ്രദമാകുന്നതാണ്.

(2) കേരള സാമൂഹ്യ സുരക്ഷാമിഷൻ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനത്തോടു കൂടി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി പ്രവർത്തിച്ചു വരുന്ന സ്പെഷ്യൽ അങ്കണവാടി പദ്ധതി 2025-26 സാമ്പത്തിക വർഷത്തിൽ മറ്റു രണ്ട് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനു പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലെ 5 ഐസിഡിഎസ് പ്രോജക്ടുകളിൽ ഈ വർഷം പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും , പ്രസ്തുത 5 ഐസിഡിഎസ് പ്രോജക്ടുകളിൽ ഓരോന്നിലും ആരംഭിക്കുന്ന 3 വീതം അങ്കണവാടി സെന്ററുകളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ആഫീസർ, ജില്ല പ്രോഗ്രാം ആഫീസർ ഐസിഡിഎസ്, ജില്ലാ കോർഡിനേറ്റർ എസ്.ഐ.ഡി എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപികരിക്കേണ്ടതുണ്ടെന്നും, ആയതിനാൽ കമ്മിറ്റിയിൽ ജില്ലാതല ഐ.സി.ഡി.എസ് സെൽ പ്രോഗ്രാം ഓഫീസറെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകണമെന്നും, പദ്ധതി മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നതിനു വകുപ്പിന്റെ ഭാഗത്തു നിന്നും ആവശ്യമായ സഹായ

സഹകരണങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കേരള സാമൂഹ്യ സുരക്ഷാമിഷൻ അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട് .

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കേരള സാമൂഹ്യ സുരക്ഷാ മിഷൻ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി പ്രവർത്തിച്ചു വരുന്ന സ്പെഷ്യൽ അങ്കണവാടി പദ്ധതി **2025-26** സാമ്പത്തിക വർഷം കൊല്ലം, തൃശ്ശൂർ ജില്ലകളിലെ **5** ഐസിഡിഎസ് പ്രോജക്ടുകളിൽ കൂടി വ്യാപിപ്പിച്ച് ഓരോ പ്രോജക്ടിലേയും **3** അങ്കണവാടികളിൽ ഭിന്നശേഷി സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന് വകുപ്പിന്റെ സഹായ സഹകരണങ്ങൾ നൽകുന്നതിനും, അങ്കണവാടികളെ തെരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ കൊല്ലം, തൃശ്ശൂർ ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാരെ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 17-12-2025 15:37:07